**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3956**

**15.03.2017 - ൽ മറുപടിക്ക്**

# റിസ്ക് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ

**ചോദ്യം**

**ശ്രീ.മോൻസ് ജോസഫ്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന സഹകരണവികസന ക്ഷേമനിധി ബോർഡ് റിസ്ക് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ചുള്ള മാനദണ്ഡം വ്യക്തമാക്കാമോ; | (എ) | വായ്പയെടുത്ത അംഗം വായ്പാകാലാവധിയിലോ വായ്പാകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നരലക്ഷം രൂപവരെയുള്ള മുതലും അതിന്റെ പലിശയും ഫണ്ടിൽ നിന്നും നൽകും. ഒന്നിൽ കൂടുതൽ പേർ ചേർന്ന് എടുത്ത കോ-ഓബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ, അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പാക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതികമായ തുകയും ആയതിന്റെ പലിശയും ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴ പലിശ, മറ്റ് ചിലവുകൾ ഇവ മുഴുവനും സംഘം പൊതുയോഗത്തിന്റെ അനുമതിയോടും സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതിത്തള്ളണം.<br>ഓരോ വായ്പകളിൽ നിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും |

| | | | |
|---|---|---|---|
| | | | പരമാവധി 525 രൂപയും ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘം വായ്പാക്കാരനിൽ നിന്ന് ഈടാക്കി ബോർഡിലേക്ക് അടവാക്കേണ്ടതാണ്.<br>വായ്പാക്കാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്കു മുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാക്കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാക്കാലാവധി തീരുന്ന തീയതിക്ക് തൊട്ടു മുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.<br>വായ്പയെടുത്ത ശേഷം വായ്പാക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസ്സുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75000 രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം നൽകേണ്ടതാണ്. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പാക്കാരൻ മരണപ്പെടുകയാണെങ്കിൽ നിബന്ധന 4 (എ) പ്രകാരം അർഹതയുള്ള ധനസഹായത്തിൽ നിന്നും ലഭിച്ച ആനുകൂല്യം കിഴിച്ച് ബാക്കി സംഖ്യക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. |
| (ബി) | റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച് ശ്രീമതി. ഓമനാ ദിവാകരൻ, കുപ്പക്കരത്തടത്തിൽ, വെമ്പള്ളി, കോട്ടയം നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഈ അപേക്ഷ ഇപ്പോൾ ആരുടെ പരിഗണനയിലാണെന്ന് അറിയിക്കാമോ; ഇതിന്റെ ഫയൽ നമ്പർ അറിയിക്കാമോ? | (ബി) | കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ കുറവിലങ്ങാട് ശാഖയിൽ നിന്നും ശ്രീ.ദിവാകരൻ.കെ.എൻ. 10.08.2012-ൽ എടുത്ത വായ്പയ്ക്ക് റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിന് ശ്രീമതി.ഓമന ദിവാകരൻ അപേക്ഷിച്ചിരുന്നു. വായ്പാക്കാരൻ 24.03.2013 ൽ മരണപ്പെട്ടു. അന്നു നിലവിലുണ്ടായിരുന്ന നിയമാവലി വ്യവസ്ഥ പ്രകാരം വായ്പ എടുക്കുന്ന ആളിന്റെ പേരിലുള്ളതും വായ്പാ കാലാവധി കഴിഞ്ഞതും/കഴിയാത്തതും 70 വയസ്സ് |

| | | | |
|---|---|---|---|
| | | | തികയുന്നതിന് മുൻപ് തിരിച്ചടവ് കാലാവധി തീരുന്ന വായ്പകൾക്ക് മാത്രമാണ് ധനസഹായത്തിന് അർഹതയുണ്ടായിരുന്നത്. ടിയാന് വായ്പാ കാലാവധിയിൽ 70 വയസ്സ് അധികരിക്കുന്നുണ്ട്. ആയതിനാൽ റിസ്ക് ഫണ്ട് ധനസഹായത്തിന് അർഹതയില്ല. ഈ അപേക്ഷ സംബന്ധിച്ച കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ഫയൽ നമ്പർ 2639/2016 ആണ്. |

Renjini

സെക്ഷൻ ഓഫീസർ